**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5041 24.10.2011 ൽ മറുപടിക്ക്.**

**സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ)സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരെ ലഭ്യമാകാത്തത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;<br><br>ബി)എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പി.എസ്.സി മുഖേനയും അഡ്ഹോക്ക് വ്യവസ്ഥയിലും സി.ആർ.എസ് മുഖേനയും ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒഴിവുള്ള സ്പെഷ്യലിസ്റ്റ് തസ്തികകളിൽ സർവ്വീസിലുള്ള പി.ജി ഡിഗ്രിയുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിന് വേണ്ട നടപടിയും സ്വീകരിച്ചു വരുന്നു. പ്രമോഷൻ വഴി നികത്തേണ്ട തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടികളെടുത്ത് വരുന്നു. |
| സി)സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് സ്വകാര്യ മേഖലയിൽ വൻതുക ശമ്പളമായി ലഭിക്കുന്നതുകൊണ്ട് സർക്കാർ മേഖലയിൽ ജോലി ചെയ്യുവാൻ വിമുഖത കാണിക്കുന്നുണ്ടോ; | സി) ഉണ്ട്. |
| ഡി) സർക്കാർ ഡോക്ടർമാരിൽ ചിലർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതും സർക്കാർ നടപടികൾ ഉണ്ടായാൽ സ്വകാര്യ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട വേതനത്തിന് ജോലി ചെയ്യാമെന്ന വിശ്വാസത്തിൽ ഉത്തരവാദിത്തമില്ലാതെ പ്രവർത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഡോക്ടർമാർ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ സ്വകാര്യ മേഖലയിൽ ജോലി ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ നടപടി ഉണ്ടായാൽ മെച്ചപ്പെട്ട വേതനത്തിന് സ്വകാര്യ മേഖലയിൽ ജോലിചെയ്യാമെന്ന വിശ്വാസത്തിൽ ഉത്തരവാദിത്തമില്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) സർക്കാർ മെഡിക്കൽ കോളേജിൽ പഠിച്ചിറങ്ങുന്ന ഡോക്ടർമാരെ സർക്കാർ ആശുപത്രികളിൽ നിലനിർത്താൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ;<br><br>എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഇ) & എഫ്) ഡോക്ടർമാരെ സർക്കാർ സർവ്വീസിലേക്ക് ആകർഷിക്കുന്നതിനായുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ